LIBRARY ARCHIVES Kerala Legislative Assembly

ട്രോളിംഗ് നിരോധനകാലത്തെ മത്സ്യബന്ധനം

98 [280] *ശ്രീ. ടി. എൻ. പ്രതാപൻ :*

„ *ലൂഡി ലൂയിസ് :*

പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധനകാലത്ത് അന്യസംസ്ഥാനങ്ങളിലെ ബോട്ടുകൾ കേരളത്തിന്റെ പുറംകടലിൽ മത്സ്യബന്ധനം നടത്താറുണ്ടോ ; ഉണ്ടെങ്കിൽ ഈ അവകാശം കേരളത്തിലെ ബോട്ടുകൾക്ക് അനുവദിക്കുന്നുണ്ടോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരളത്തിലെ ബോട്ടുകൾ ട്രോളിംഗ് നിരോധനകാലത്ത് കേരളത്തിന്റെ പുറംകടലിൽ മത്സ്യബന്ധനം നടത്തുന്നതിന് എന്തെങ്കിലും നിയന്ത്രണം ഉണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ട്രോളിംഗ് നിരോധനകാലത്ത് അന്യസംസ്ഥാന ബോട്ടുകളെ കേരളത്തിന്റെ സമുദ്രാതിർത്തിക്കുള്ളിൽ മത്സ്യബന്ധനം നടത്താൻ അനുവദിക്കാറില്ല. കേരള സംസ്ഥാനത്തിന്റെ സമുദ്രാതിർത്തിക്കുപുറത്തുള്ള മത്സ്യബന്ധനം നിയന്ത്രിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ടി സമയത്ത് കേരളത്തിലെ യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകളെയും കേരളത്തിന്റെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനം നടത്താൻ അനുവദിക്കാറില്ല.

(ബി) കേരളത്തിന്റെ സമുദ്രാതിർത്തിക്കു പുറത്ത് പുറം കടലിൽ (ടെറിട്ടോറിയൽ അതിർത്തി 22 കി. മീ. വരെ) മത്സ്യബന്ധനം നിരോധിച്ചുകൊണ്ട് ട്രോളിംഗ് നിരോധന കാലത്ത്, വർഷാവർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്.

ട്രോളിംഗ് നിരോധന ഉത്തരവ്

99 [281] *ശ്രീ. യു. സി. രാമൻ :*

„ *പി. കെ. കെ. ബാവ :*

„ *സി. മമ്മൂട്ടി :*

„ *പി. കെ. അബ്ദുറബ്ബ് :*

„ *ഇസ്ഹാക് കുരിക്കൾ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധന ഉത്തരവ് കർശനമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണുള്ളത് ;